"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയഭരണ വകുപ്പ് - നഗരകാര്യം -ശ്രീ.അജി കെ.ആർ, മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-II / അസിസ്റ്റന്റ് ഡയറക്ടർ-നിരീക്ഷണകാലം പൂർത്തീകരിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു)വകുപ്പ്**

സ.ഉ.(സാധാ) നം.97/2025/LSGD തീയതി,തിരുവനന്തപുരം, 10-01-2025

---

പരാമർശം:-

1. സ.ഉ(സാധാ)നം.**478/2023/LSGD** തീയതി **24.02.2023.**
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 11.09.2024, 15.10.2024 തീയതികളിലെ LSGD/PD/26275/2024- DEH6 നമ്പർ കത്ത്
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ) യുടെ 23.07.2024ലെ GE07/C/ MCA 32/136 നമ്പർ കത്ത്

**ഉത്തരവ്**

ശ്രീ.അജി കെ.ആർ -ന് പരാമർശം **(1)** ഉത്തരവ് പ്രകാരം മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-II/അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ നിയമനം ലഭിക്കുകയും, ടിയാൻ **25.02.2023** പ്രാബല്യത്തിൽ ടി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിരുന്നു. ടിയാന്റെ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-II തസ്തികയിലെ നിരീക്ഷണകാലം പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിന് പരാമർശം **(2)** പ്രകാരം തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

**2.**ശ്രീ.അജി കെ.ആർ -ന്റെ ജോലിയും സ്വഭാവവും തൃപ്തികരമാണെന്നു പ്രിൻസിപ്പൽ ഡയറക്ടറും, ടിയാൻ 25.02.2023 മുതൽ 24.08.2023 വരെയുള്ള കാലയളവിൽ അവധികളൊന്നും എടുത്തിട്ടില്ല എന്ന് അക്കൗണ്ടന്റ് ജനറലും അറിയിച്ചിട്ടുണ്ട്. മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-II തസ്തികയിലെ പ്രൊബേഷൻ കാലയളവ് തുടർച്ചയായ ഒരു വർഷത്തെ സേവന കാലയളവിൽ ആറ് മാസത്തെ ഡ്യൂട്ടിയാണ്.

**3.**സർക്കാർ ഇക്കാര്യം പരിശോധിച്ചു. ശ്രീ.അജി കെ.ആർ-ന്റെ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് **II**/അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ നിരീക്ഷണകാലം കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളിലെ ജനറൽ റൂളിലെ

ചട്ടം 20(ബി) പ്രകാരം 25.08.2023 പൂർവ്വാഹ്നത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), തൃശ്ശൂർ
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ.അജി കെ.ആർ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 10-01-2025 11:07:59
സെക്ഷൻ ഓഫീസർ